A4-8147/2023

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്
മണ്ണാർക്കാട് ഡിവിഷൻ
ആരണ്യകം – മണ്ണാർക്കാട്
ഫോൺ നമ്പർ : 04924 222574
email:dfo.mnkd.for@kerala.gov.in
തീയ്യതി: 26/10/2024

# മണ്ണാർക്കാട് വനം ഡിവിഷൻ

## ദർഘാസ് /ലേല പരസ്യം

മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷനിലെ മണ്ണാർക്കാട് റെയിഞ്ചിന്റെ പരിധിയിൽ വരുന്നതും താഴെ പട്ടിക A യിൽ പറയുന്നതുമായ കശുമാവിൻ തോട്ടത്തിൽ നിൽപ്പുള്ള കശുമാവുകളിൽ നിന്നും 30/06/2025 വരെ കശുവണ്ടി ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള അവകാശം മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ പട്ടിക B യിൽ സൂചിപ്പിച്ചിരിക്കുന്ന തിയതിയിലും സമയത്തും, സ്ഥലത്തും പരസ്യമായി ദർഘാസ് /ലേല വ്യവസ്ഥ പ്രകാരം വിൽക്കുന്നതാണ്. ലേല ദിവസം പൊതു ഒഴിവ് ദിവസമായി വരികയോ, മറ്റേതെങ്കിലും സാങ്കേതിക കാരണങ്ങളാൽ ലേലം നടക്കാതെ വരികയോ, ചെയ്താൽ പട്ടിക B–യിൽ കൊടുത്തിട്ടുള്ള രണ്ടാമത്തെ ദിവസമോ, അന്നും നടക്കാതെ വന്നാൽ മൂന്നാമത്തെ ദിവസമോ, നിശ്ചിത സമയത്തും സ്ഥലത്തും വെച്ച് ദർഘാസ് /ലേലം നടത്തുന്നതായിരിക്കും.

1. ടെണ്ടറിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഓരോ തോട്ടത്തിനും പട്ടിക A യിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള വില നൽകി പ്രത്യേകം ടെണ്ടർ ഫോറം വാങ്ങേണ്ടതും, പട്ടിക B യിൽ സൂചിപ്പിച്ചിരിക്കുന്ന തിയതിയിലും നിശ്ചിത സമയത്തിനും മുമ്പ് ടെണ്ടർ ഫോറം തിരികെ സമർപ്പിക്കേണ്ടതുമാണ്. ദർഘാസിനോടൊപ്പം തന്നെ നിശ്ചിത നിരതദ്രവ്യം ഒടുക്കേണ്ടതാണ്. അപ്രകാരം നിരതദ്രവ്യം ഒടുക്കാത്തവരുടെ ദർഘാസുകൾ പരിഗണിക്കുന്നതല്ല. 20,000/- രൂപ നിരതദ്രവ്യം അടയ്ക്കുന്നയാൾക്ക് പട്ടികയിൽ പറയുന്ന ഏത് തോട്ടത്തിലേയും ലേലത്തിൽ പങ്കെടുക്കുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്.

2. ലേല / ദർഘാസിൽ ഏറ്റവും വലിയ വില വാഗ്ദാനം ചെയ്തയാൾ തുകയുടെ 35% (കുറഞ്ഞത് 20,000/- രൂപ) നിരതദ്രവ്യം ഉൾപ്പെടെ ഓരോ തോട്ടത്തിനും അപ്പോൾ തന്നെ കെട്ടിവെക്കേണ്ടതാണ്. ലേല സംഖ്യ 20,000/- രൂപയിൽ കുറവാണ് എങ്കിൽ മുഴുവൻ തുകയും അപ്പോൾ തന്നെ കെട്ടി വെക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ അയാൾ കെട്ടിവെച്ചിട്ടുള്ള നിരതദ്രവ്യം സർക്കാരിലേയ്ക്ക് കണ്ട്

കെട്ടുന്നതും, പാട്ടവകാശം അയാളുടെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം ചെയ്യുന്നതുമാണ്. ഇപ്രകാരം നടത്തുന്ന പുനർ ലേലത്തിൽ വല്ല ലാഭവും സർക്കാരിലേയ്ക്ക് ഉണ്ടായാൽ അയാൾക്ക് അതിൽ അവകാശം ഉണ്ടായിരിക്കുന്നതല്ല. എന്നാൽ അപ്രകാരം പുനർ ലേലം ചെയ്യുന്നത് മൂലം സർക്കാരിലേയ്ക്ക് വല്ല നഷ്ടവുമുണ്ടായാൽ ആയത് നിയമാനുസൃതം ആദ്യ ലേലക്കാരനിൽ നിന്നും നിയമാനുസൃത നടപടികളിലൂടെ ഈടാക്കുന്നതാണ്. ദർഘാസ് / ലേലത്തിൽ ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്ത ആളിന്റെ പേരിൽ വിൽപ്പന ഉറപ്പിക്കുന്നതാണ്. ഓരോ തോട്ടത്തിനുമുള്ള ദർഘാസുകൾ സീൽ ചെയ്ത കവറുകളിൽ പ്രത്യേകം പ്രത്യേകം സമർപ്പിക്കേണ്ടതാണ്.

3. ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്ത് വിജയിക്കുന്ന ആളിന്റെ നിരതദ്രവ്യം അയാൾക്ക് ഒടുക്കേണ്ടതായ ലേലത്തുകയിൽ നിന്നും തട്ടിക്കിഴിക്കുന്നതും വിജയിക്കാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാൽ ഉടൻതന്നെ തിരിച്ച് നൽകുന്നതുമാണ്.

4. വിൽപ്പന സ്ഥിരപ്പെടുത്തിയ വിവരം അറിയിക്കുന്ന തിയതി മുതൽ 15 ദിവസത്തിനകം ബാക്കി ലേലത്തുകയും മൊത്തം ലേലത്തുകയുടെ നിയമാനുസൃതമുള്ള ആദായ നികുതി, സർചാർജ്, വനവികസന നികുതി എന്നിവയും ലേലത്തുകയുടെ 10% സെക്യൂരിറ്റി ആയും അടച്ച് 200/- രൂപയുടെ മുദ്രപത്രത്തിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി നിയമനാസൃതമുള്ള ഉടമ്പടി വെക്കേണ്ടതാണ്. ബാക്കി സംഖ്യ അടക്കുന്നതിനുള്ള സമയപരിധി യാതൊരു കാരണവശാലും നീട്ടികൊടുക്കുന്നതല്ല. മേൽപ്പറഞ്ഞ കാലാവധിക്കകം ബാക്കിതുകയും സെക്യൂരിറ്റിയും അടയ്ക്കുവാൻ വീഴ്ച വരുത്തുന്ന ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം നടത്തുന്നതും അതിലുണ്ടാകുന്ന നഷ്ടത്തിന് ആദ്യ ലേലക്കാരൻ ഉത്തരവാദിയാകുന്നതുമായിരിക്കും. പ്രസ്തുത നഷ്ടം വരുന്ന തുക നിയമാനുസൃത രീതിയിൽ ടിയാനിൽനിന്നും ഈടാക്കുന്നതും, ലാഭം കിട്ടിയാൽ അതിൽ ടിയാന് യാതൊരു അവകാശവും ഇല്ലാത്തതുമാകുന്നു. തുക മുഴുവൻ അടയ്ക്കുകയും എന്നാൽ ഉടമ്പടി വെയ്ക്കാൻ തക്കസമയം സാധിക്കാതെ വരികയും ചെയ്താൽ അത്തരം കാലതാമസത്തിന് ദിനംപ്രതി പത്ത് രൂപ വീതം പിഴ ഈടാക്കി ഉടമ്പടി വെക്കുന്നതിന് 15 ദിവസം കൂടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവദിക്കുന്നതാണ്.

5. ലേലത്തിൽ പങ്കെടുക്കുന്നയാൾ ലേലത്തിന് മുമ്പ് കശുമാവിൻ തോട്ടങ്ങൾ നേരിൽ കണ്ട് ബോധ്യപ്പെടേണ്ടതാണ്. ഇക്കാര്യത്തിൽ പിന്നീടുള്ള യാതൊരു പരാതിയും സ്വീകരിക്കുന്നതല്ല.

6. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യം കെട്ടിവെക്കുന്നതിന് മുമ്പായി ബന്ധപ്പെട്ട വില്ലേജാഫീസറുടെ പക്കൽ നിന്നും 6 മാസത്തിനകം ലഭിച്ച തന്റെ സ്ഥിരമായ മേൽവിലാസവും കൈയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ ഫോട്ടോ പതിച്ച ഏതെങ്കിലും സാക്ഷ്യപത്രവും, PAN കാർഡിന്റെ കോപ്പിയും നിർബന്ധമായും ഹാജരാക്കേണ്ടതാണ്. (വോട്ടർ ഐഡന്റിറ്റി കാർഡ്, മറ്റ് ഗവൺമെന്റ് തിരിച്ചറിയൽ രേഖകൾ എന്നിവ തെളിവിനായി ഹാജരാക്കാവുന്നതാണ്). മേൽ തിരിച്ചറിയൽ രേഖ ഹാജരാക്കാത്തവരെ ലേലത്തിൽ പങ്ക് കൊള്ളാൻ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

7. ലേലം വിളിക്കുന്നയാൾ ലേലത്തിൽ ഒരു പൂർണ്ണ തീരുമാനം ആകാതെ പിൻമാറാൻ പാടില്ലാത്തതും, അപ്രകാരം പിൻമാറിയാൽ ഡിപ്പാർട്ട്മെന്റിന് വരുന്ന നഷ്ടത്തിന് ടിയാൻ ഉത്തരവാദിയായിരിക്കുന്നതുമാണ്. ലേല നോട്ടീസ്, വ്യവസ്ഥകൾ എന്നിവ കണ്ട് ബോധ്യപ്പെട്ട് ഒപ്പിട്ട് തരുന്നവർക്ക് 24/07/2008 ലെ ഗവൺമെന്റ് ഗസറ്റ് നമ്പർ 26 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള Pro(5)2613/2008 തീയ്യതി 12/06/2008 നമ്പറായി പരസ്യപ്പെടുത്തിയ പുതുക്കിയ ദർഘാസ്/ലേല പരസ്യത്തിലെ പൊതുവായ നിബന്ധനകൾ ബാധകമായിരിക്കുന്നതാണ്.

8. ലേലത്തിൽ വിജയിച്ച പാട്ടക്കാരൻ കശുവണ്ടി തോട്ടത്തിൽ നിന്നും ശേഖരിക്കുന്ന കശുവണ്ടി 1977 ലെ അസംസ്കൃത കശുവണ്ടി (വിൽപനയും വിതരണവും) ഉത്തരവ് അനുസരിച്ച് ഗവൺമെന്റ് നിശ്ചയിക്കുന്ന നിരക്കിൽ വിൽക്കേണ്ടതാണ്. അപ്രകാരം വില്പനനടത്തിയിട്ടുള്ള കശുവണ്ടിക്ക്, അംഗീകൃത ഏജൻസിയിൽ നിന്നും കിട്ടുന്ന രശീതി ബന്ധപ്പെട്ട റെയിഞ്ചാഫീസറെ ഏൽപ്പിക്കേണ്ടതാണ്. കശുവണ്ടി ശേഖരണത്തെയും വിപണനത്തെയും സംബന്ധിച്ച് കാലാകാലങ്ങളിൽ നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് പ്രവൃത്തിക്കേണ്ടതുമാണ്.

9. തോട്ടം ലേലം ചെയ്തെടുക്കുന്ന പാട്ടക്കാരൻ അതാത് തോട്ടങ്ങളിലെ ഈ വർഷത്തെ അഗ്നി പ്രതിരോധ പ്രവർത്തനത്തിനാവശ്യമായ ഫയർലൈൻ തോട്ടത്തിനു ചുറ്റും സ്വന്തം ചിലവിലെടുക്കേണ്ടതും, ആവശ്യമായ അഗ്നി പ്രതിരോധ

പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം പാട്ടക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി പ്രവർത്തികൾ ഡിപ്പാർട്ട്മെന്റലായി ചെയ്യുന്നതായിരിക്കും.

10. ലേലം സംബന്ധിച്ചുള്ള കൂടുതൽ വ്യവസ്ഥകൾ ഏന്തെങ്കിലും ചേർക്കണമെങ്കിൽ ആയത് ലേലസമയത്ത് ചേർക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

ലേലം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നോ മണ്ണാർക്കാട് റെയിഞ്ചാഫീസിൽ നിന്നോ അറിയാവുന്നതാണ്.

ദർഘാസുകൾ ലേലത്തിന് ശേഷം തുറക്കുന്നതായിരിക്കും. ടി പട്ടികയിൽ ഉള്ള ഏതെങ്കിലും തോട്ടത്തെ ലേലത്തിൽ നിന്ന് ഒഴിവാക്കുന്നതിനോ പട്ടികയിൽപ്പെടാത്ത ഏതെങ്കിലും തോട്ടം കൂടി കൂടുതലായി ലേലത്തിൽ ഉൾപ്പെടുത്തുന്നതിനോ ലേലം ചെയ്യുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ**
മണ്ണാർക്കാട്
(കേരള ഗവർണർക്കുവേണ്ടി)

D:\SURESH\A4\2023\Tender\A4-8147-23 Cashew Auction.doc

# പട്ടിക - ബി

| നമ്പർ | ദർഘാസ് ഫോറം ഓഫീസിൽ നിന്നും ലഭിക്കുന്ന അവസാന തീയ്യതി, സമയം | നിരതദ്രവ്യം പണമായി ഒടുക്കേണ്ട അവസാന തീയ്യതി, സമയം | പൂരിപ്പിച്ച മുദ്രവെച്ച ദർഘാസുകൾ തിരികെ സമർപ്പിക്കേണ്ട അവസാന തീയ്യതി , സമയം | ലേല തീയ്യതി, സമയം |
|---|---|---|---|---|
| 1 | 29/12/2024- 1 PM | 29/12/2024 - 1 PM | 29/12/2024 - 2 PM | 29/12/2024 3 PM |
| 2 | 05/01/2025 - 1 PM | 05/01/2025 - 1 PM | 05/01/2025 - 2 PM | 05/01/2025 3 PM |
| 3 | 19/01/2025 - 1 PM | 13/01/2025 - 1 PM | 13/01/2025- 2 PM | 13/01/2025 3 PM |

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
മണ്ണാർക്കാട്

## പട്ടിക - എ

| നമ്പർ | റെയിഞ്ചിന്റെ പേര് | തോട്ടത്തിന്റെ പേര് | വിസ്തീർണ്ണം ( ഹെക്ടർ ) | ടെണ്ടർ ഫോറത്തിന്റെ വില |
|---|---|---|---|---|
| 1 | മണ്ണാർക്കാട് റെയിഞ്ച് | 1956 മുളകുവള്ളം | 40.86 | 555+GST |
| 2 | മണ്ണാർക്കാട് റെയിഞ്ച് | 1957 കാഞ്ഞിരംകുന്ന് | 29.676 | 1155+GST |
| 3 | മണ്ണാർക്കാട് റെയിഞ്ച് | 1958 കാഞ്ഞിരംകുന്ന് | 13.069 | 335+GST |
| 4 | മണ്ണാർക്കാട് റെയിഞ്ച് | 1958 മുളകുവള്ളം | 13.302 | 335+GST |
| 5 | മണ്ണാർക്കാട് റെയിഞ്ച് | 1978 തിരുവിഴാംകുന്ന് | 2.000 | 335+GST |
| 6 | മണ്ണാർക്കാട് റെയിഞ്ച് | 1982 തിരുവിഴാംകുന്ന് മിക്സഡ് പ്ളാന്റേഷൻ | 13.800 | 335+GST |
| 7 | മണ്ണാർക്കാട് റെയിഞ്ച് | 1995 കാഞ്ഞിരംകുന്ന് | 10.000 | 600+GST |
| 8 | മണ്ണാർക്കാട് റെയിഞ്ച് | 1961 പാണക്കാടൻ തേക്ക് തോട്ടത്തിനകത്തുള്ള കശുമാവുകൾ | 18.620 | 335+GST |
| 9 | മണ്ണാർക്കാട് റെയിഞ്ച് | 1963 പാണക്കാടൻ തേക്ക് തോട്ടത്തിനകത്തുള്ള കശുമാവുകൾ | 16.770 | 335+GST |
| 10 | മണ്ണാർക്കാട് റെയിഞ്ച് | 1981 തത്തേങ്ങലം | 31.36 | 335+GST |

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
മണ്ണാർക്കാട്